# റിപ്പോർട്ട്

നൌഫൽ ആനപ്പാരിത്താഴെ എന്നവര് BL. 395/09-10 നമ്പർ ആയി താമസ ആവശ്യത്തിനായി (Residential A1) വീട് നിർമ്മിക്കുന്നതിനായി പഞ്ചായത്തില് നിന്നും അനുമതി വാങ്ങിയിരുന്നതായി ബോധ്യപ്പെട്ടു. ആയതു പ്രകാരം വീടിന്റെ നിർമ്മാണം പൂർത്തീകരിച്ച് കംപ്ലീഷന് പ്ലാന് സമർപ്പിച്ച സമയത്ത് CRZ പരിധിയിൽ വരുന്ന പ്രദേശമായതിനാൽ നമ്പര് നൽകിയില്ല എന്നതാണ് പരാതിക്കിടയായിരിക്കുന്നത്. നിർമ്മാണം നടത്തിയിട്ടുള്ള കെട്ടിടം ക്രമവൽക്കരിച്ചു നല്കുന്നതിനായി 26.12.2023 പുതിയ അപേക്ഷ സമർപ്പിച്ചത് പ്രകാരം സ്ഥല പരിശോധന നടത്തിയ ഓവർസീയറുടെ പരിശോധന പ്രകാരം താഴെ കാണിച്ചിരിക്കുന്ന അപാകതകള് ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1) സമർപ്പിച്ചിരിക്കുന്ന അപേക്ഷയോടൊപ്പം കൈവശാവകാശ രേഖ, ഭൂ നികുതി രസീതി, ആധാരത്തിന്റെ പകർപ്പ് എന്നിവ സമർപ്പിച്ചിട്ടില്ല. ആയത് സമർപ്പിച്ചാൽ മാത്രമേ വിശദമായി പരിശോധിക്കുവാൻ സാധിക്കുകയുള്ളു. കൈവശാവകാശ രേഖ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ടി ഭൂമി wet land ൽ ഉൾപ്പെടുന്നതാണോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. Rule 6

2) പ്ലോട്ടിന്റെ തെക്കുഭാഗത്തുള്ള റോഡിൽനിന്നും കെട്ടിടത്തിലേക്ക് rule 23 പ്രകാരം ആവശ്യമായ അകലം ലഭ്യമല്ല. ടി റോഡിൻറെ വീതി പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല.

3) നിർമ്മാണം നടത്തിയിട്ടുള്ള കെട്ടിടത്തിന്റെ അളവുകൾ പ്ലാനിൽ തെറ്റായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.കെട്ടിടത്തിന്റെ നിർമ്മിത വിസ്തീർണം , അതിരിൽനിന്നും കെട്ടിടത്തിലേക്കുള്ള അകലം എന്നിവ പ്ലാനിൽ തെറ്റായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.Rule 6 , Rule 26

4) പുഴയിൽനിന്നും കെട്ടിടത്തിലേക്കുള്ള അകലം സമർപ്പിച്ചിരിക്കുന്ന പ്ലാനിൽ തെറ്റായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.പുഴയുടെ വീതി പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല.Rule 6.

5) അപേക്ഷ സങ്കേതം വഴി സമർപ്പിച്ചിട്ടില്ല.

6) പ്ലാനിൽ septic tank ന്റെ സ്ഥാനം തെറ്റായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

പ്രസ്തുത അപാകതകള് പരിഹരിച്ച് ഫയല് പുനസമർപ്പിക്കുന്നതിന് ടിയാൾക്ക് 22/01/2024 തിയ്യതിയിൽ കത്ത് ൽകിയിട്ടുണ്ട്.എന്നുള്ള വിവരം ബോധിപ്പിക്കുന്നു. .

Atholi Grama Panchayt
Velur West 673315

HARIHARAN. K
PEN: 582277
Secretary
Atholi Grama Panchayt